**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5295** **21-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സർവ്വകലാശാല ക്യാമ്പസിന് സംരക്ഷണ ഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാല ക്യാമ്പസിലെ ബ്യൂട്ടി സ്പോർട്സ് പരിസരത്ത് മണ്ണിടിച്ചിൽ ഭീഷണി വ്യാപകമായതിനാൽ അടിവാരത്തെ താമസക്കാരായ 35 ഓളം വീട്ടുകാർ ഭീതിയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ണിടിച്ചിൽ ഭീതിയിൽനിന്നും നാട്ടുകാരെ സംരക്ഷിക്കുന്നതിനാവശ്യമായ സംരക്ഷണ ഭിത്തി അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിലുള്ള ചേലേമ്പ്ര പഞ്ചായത്തിൽ ഉൾപ്പെട്ട ബ്യൂട്ടിസ്പോട്ട് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശത്ത് പെയ്യുന്ന മഴവെള്ളം ചേലേമ്പ്ര പഞ്ചായത്തിലെ ഒമ്പതാം വാർഡിലെ പൈങ്ങോട്ടൂർ കാളാത്ത് ഭാഗത്തേക്ക് ഒഴുകുന്നത് കൃഷിനാശത്തിനും റോഡ് തകരുന്നതിനും കാരണമാകുമെന്നതിനാൽ ആയതു പരിഹരിക്കുന്നതിന് ബ്യൂട്ടിസ്പോട്ടിൽ ഒരു മഴവെള്ള സംഭരണി നിർമ്മിച്ച് വെള്ളത്തിന്റെ കുത്തൊഴുക്ക് തടഞ്ഞ് ഉണ്ടായിക്കൊണ്ടിരിക്കുന്ന കെടുതികൾക്ക് പരിഹാരം കാണണമെന്ന് കത്ത് നമ്പർ എ1-281/2017 തീയതി 01.11.2017 പ്രകാരം ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കാലിക്കറ്റ് സർവ്വകലാശാലാ വൈസ് ചാൻസലറോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ കാമ്പസിലെ മഴവെള്ള സംഭരണം എന്ന വിഷയത്തിൽ പഠനം നടത്തുന്നതിനും ബ്യൂട്ടിസ്പോട്ട് പ്രദേശത്തെ മഴവെള്ളത്തിന്റെ അമിതമായ ഒഴുക്ക് തടയുന്നതിന് സ്വീകരിക്കേണ്ട നിയന്ത്രണ നടപടികൾ നിർദ്ദേശിക്കുന്നതിനുമുള്ള കൺസൾട്ടന്റ് ആയി കോഴിക്കോട് CWRDM നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച വിശദമായ പഠന റിപ്പോർട്ട് 29.11.2021 തീയതിയിൽ ചേർന്ന സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ യോഗം പരിഗണിക്കുകയും, എൻ.എച്ച്. വീതി കൂട്ടുന്നതിന്റെ ഭാഗമായി സർവ്വകലാശാലയ്ക്ക് ലഭ്യമാക്കേണ്ട വിവിധ |

| | | | |
|---|---|---|---|
| | | | സേവനങ്ങളെക്കുറിച്ച് ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയെ തുടർന്ന് സംസ്ഥാന ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ക്യാമ്പസിലെ മഴവെള്ള സംഭരണത്തെക്കുറിച്ച് പഠിക്കുന്നതിനായി ഭൂഗർഭജല വകുപ്പിനെ ചുമതലപ്പെടുത്തുകയും, അഞ്ചംഗ വിഷയ വിദഗ്ധർ അവിടെ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ